**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5678** **08-11-2021 - ൽ മറുപടിയ്ക്ക്**

**മഴക്കെട്ടുതിമൂലമുള്ള നാശനഷ്ടങ്ങൾക്ക് വായ്പാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മഴക്കെട്ടുതിമൂലം വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് സബ്സിഡി നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | മഴക്കെട്ടുതി മൂലം വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് വായ്പ ലഭ്യമാക്കുന്നതിനോ മഴക്കെട്ടുതികളിൽ കേട്ട പാടുകൾ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വായ്പ നൽകുന്നതിനോ സംസ്ഥാന ദുരന്തപ്രതികരണ നിധി മാനദണ്ഡത്തിൽ വ്യവസ്ഥയില്ല. എന്നാൽ മഴക്കെട്ടുതി മൂലം വീടുകൾക്ക് ഭാഗികമായോ പൂർണ്ണമായോ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് മിനിമം റിലീഫ് കോഡ് പ്രകാരമുള്ള ആശ്വാസ ധനസഹായം നൽകുവാൻ ദുരന്തപ്രതികരണ നിധി മാനദണ്ഡത്തിൽ വ്യവസ്ഥയുണ്ട്. നിലവിൽ ഭവനവായ്പയുള്ളവർക്ക് വീട് നന്നാക്കുവാനും നവീകരിക്കുവാനും അതാതുസമയത്തെ വായ്പാനിരക്കിൽ തന്നെ മാനദണ്ഡങ്ങൾക്ക് വിധേയമായി ടോപ് അപ് വായ്പ ബാങ്കുകൾ നൽകിവരുന്നുണ്ട്. ഇതിന് അധികമായി ഈട് നൽകേണ്ടതില്ല. ഈ വായ്പ വീടിന് അറ്റകുറ്റപ്പണി ചെയ്യുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും ലഭ്യമാണ്. നിലവിൽ ഭവനവായ്പയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനും വാങ്ങുന്നതിനും നവീകരിക്കുന്നതിനും നിയമ നിബന്ധനകൾക്ക് വിധേയമായി ബാങ്കുകൾ ഭവനവായ്പകൾ നൽകിവരുന്നു. ഇതിനായി നിർമ്മാണം നടത്തുന്ന വീടും വസ്തുവും ഈടായി നൽകേണ്ടതാണ്. |
| (ബി) | മഴക്കെട്ടുതിയിൽ കേടുപാട് സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുമായി ഈടില്ലാതെ വായ്പ നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | മഴക്കെട്ടുതി മൂലം വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവർക്ക് വായ്പ ലഭ്യമാക്കുന്നതിനോ മഴക്കെട്ടുതികളിൽ കേട്ട പാടുകൾ സംഭവിച്ച വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും വായ്പ നൽകുന്നതിനോ സംസ്ഥാന ദുരന്തപ്രതികരണ നിധി മാനദണ്ഡത്തിൽ വ്യവസ്ഥയില്ല. എന്നാൽ മഴക്കെട്ടുതി മൂലം വീടുകൾക്ക് ഭാഗികമായോ പൂർണ്ണമായോ നാശനഷ്ടം സംഭവിച്ച |

| | | | |
|---|---|---|---|
| | | | കുടുംബങ്ങൾക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ച് മിനിമം റിലീഫ് കോഡ് പ്രകാരമുള്ള ആശ്വാസ ധനസഹായം നൽകുവാൻ ദുരന്തപ്രതികരണ നിധി മാനദണ്ഡത്തിൽ വ്യവസ്ഥയുണ്ട്. നിലവിൽ ഭവനവായ്പയുള്ളവർക്ക് വീട് നന്നാക്കുവാനും നവീകരിക്കുവാനും അതാതുസമയത്തെ വായ്പാനിരക്കിൽ തന്നെ മാനദണ്ഡങ്ങൾക്ക് വിധേയമായി ടോപ് അപ് വായ്പ ബാങ്കുകൾ നൽകിവരുന്നുണ്ട്. ഇതിന് അധികമായി ഈട് നൽകേണ്ടതില്ല. ഈ വായ്പ വീടിന് അറ്റകുറ്റപ്പണി ചെയ്യുന്നതിനും വീട്ടുപകരണങ്ങൾ വാങ്ങുന്നതിനും ലഭ്യമാണ്. നിലവിൽ ഭവനവായ്പയില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനും വാങ്ങുന്നതിനും നവീകരിക്കുന്നതിനും നിയമ നിബന്ധനകൾക്ക് വിധേയമായി ബാങ്കുകൾ ഭവനവായ്പകൾ നൽകിവരുന്നു. ഇതിനായി നിർമ്മാണം നടത്തുന്ന വീടും വസ്തുവും ഈടായി നൽകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ